കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ആറാം സമ്മേളനം

2003 ആഗസ്റ്റ് 5, ചൊവ്വ

വാല്യം CXIX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 34

നിയമസഭ 2003 ആഗസ്റ്റ് മാസം 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....ചോദ്യം നമ്പർ 837.

സർവ്വകലാശാലകൾ നേരിട്ട് നടത്തുന്ന ബി. എഡ്. കോഴ്സ്

*1 [837] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ നേരിട്ട് നടത്തുന്ന ബി.എഡ്. സെന്ററുകളിൽ അടുത്ത അദ്ധ്യയന വർഷം മുതൽ കോഴ്സ് നടത്തുന്നത് സംബന്ധിച്ച് ഗവൺമെന്റിന് എന്തെങ്കിലും നിർദ്ദേശങ്ങൾ കോടതിയിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) സർവ്വകലാശാലാ സെന്ററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കു വേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ,

(എ—സി) നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യുക്കേഷൻ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചും, അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയും മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

സർവ്വകലാശാലകൾ നേരിട്ടു നടത്തുന്ന ബി. എഡ്. സെന്ററുകളിൽ അടുത്ത അദ്ധ്യയന വർഷം മുതൽ അദ്ധ്യയനം നടത്താവൂ എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധി ആയിട്ടുണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിധിന്യായത്തിന്റെ പകർപ്പ് സർക്കാരിന് ലഭിച്ചിട്ടില്ല. അതിനാൽ വിശദാംശങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

(ഡി) ഉണ്ട്.

(ഇ) വിവിധ സർവ്വകലാശാലകൾ നേരിട്ടു നടത്തുന്ന ബി. എഡ്. സെന്ററുകളിലെ അടിസ്ഥാന സൗകര്യങ്ങളിലുള്ള കുറവുകൾ പരിഹരിക്കുന്നതിന് സർവ്വകലാശാലാ തലത്തിൽ നടപടിയെടുത്തു വരുന്നുണ്ട്. സർവ്വകലാശാലകൾ നേരിട്ടു നടത്തുന്ന ഇത്തരം സെന്ററുകളുടെ പ്രവർത്തനത്തിൽ സർക്കാർ ഇടപെടാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തമ്പാനൂർ രവി: അങ്ങ് ഇവിടെ നൽകിയ ഉത്തരത്തിൽ സർവ്വകലാശാലകൾ നേരിട്ടു നടത്തുന്ന സെന്ററുകളിൽ ഇടപെടാൻ സർക്കാരിന് ഉദ്ദേശമില്ലെന്നു പറഞ്ഞു. പ്രശ്നം ഇവിടെ രൂക്ഷമാണ്. കേരളത്തിൽ വിവിധ യൂണിവേഴ്സിറ്റികളിൽ 35 ബി. എഡ്. സെന്ററുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ എസ്. സി. ഇ. ആർ. ടി. പറഞ്ഞ, എൻ. സി. ടി. ഇ. പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ഒരു സെന്ററിനും ഇല്ല. കെട്ടിടം, ലൈബ്രറി, ലബോറട്ടറി യോഗ്യതയുള്ള അധ്യാപകർ, പരിശീലനത്തിന് ആവശ്യമായ സ്കൂളുകൾ ഇതിന്റെ പേരിൽ ഇപ്പോൾ തീരുമാനം ഹൈക്കോടതി പറഞ്ഞിരിക്കുന്നത് ഇവിടെ നിന്ന് ബി. എഡ്. പാസ്സായ ഈ ഡിഗ്രികൾ സർക്കാർ തലത്തിലോ യൂണിവേഴ്സിറ്റി തലത്തിലോ, എയ്ഡഡ് തലത്തിലോ ഉള്ള നിയമനങ്ങൾക്ക് ഈ ഡിഗ്രി അംഗീകരിക്കില്ല. ഗുരുതരമായ ഒരു സ്ഥിതിവിശേഷം ഉണ്ടായിരിക്കുകയാണ്. ഇത് മറികടക്കാൻ യൂണിവേഴ്സിറ്റിയുമായി ആലോചിച്ചിട്ട് എന്തു നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട കോടതി തന്നെ ഇതിന് മൂന്നു മാസത്തെ സമയം കൊടുത്തിട്ടുണ്ട്. ആ സമയത്തിനുള്ളിൽ ഈ സൗകര്യങ്ങൾ ഉണ്ടാക്കാവുന്നതേയുള്ളൂ. ഫീസിനത്തിലുമൊക്കെ അവർക്ക് വരുമാനം ഉണ്ടല്ലോ, സൗകര്യങ്ങൾ ഉണ്ടാക്കാവുന്നതേയുള്ളൂ. ഉണ്ടാക്കുക എന്നുള്ളത് നിഷ്കർഷിക്കുക എന്നുള്ളതാണ് ഗവൺമെന്റിന് ചെയ്യാനുള്ളത്. നേരിട്ട് ഇടപെടില്ല എന്നു പറഞ്ഞാലും അതിന് സമയം കൊടുത്തിട്ടുണ്ട്, ചെയ്യാവുന്നതേയുള്ളൂ.

ശ്രീ. തമ്പാനൂർ രവി: സർ, ഇവിടെ വളരെ പ്രധാനപ്പെട്ട യൂണിവേഴ്സിറ്റി നിയമം ചർച്ച ചെയ്യുന്ന ഒരു കാലഘട്ടമാണ്. അവിടെയാണ് ഈ സംഭവം ഉണ്ടായിരിക്കുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധ വളരെ ആവശ്യമാണ്, ഗവൺമെന്റിന്റെ നിയന്ത്രണം വേണം. എന്റെ രണ്ടാമത്തെ ചോദ്യം, കേരളത്തിൽ സ്വാശ്രയ ബി. എഡ്. കോഴ്സ് ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട് എന്ന് കുറെ നാളായി കേൾക്കുന്നു, എത്ര സ്ഥലങ്ങളിൽ ഇത് ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. പുതുതായി ആരംഭിക്കുന്ന സ്വാശ്രയ സെന്ററുകളിലെങ്കിലും ഞാൻ ചൂണ്ടിക്കാണിച്ച എൻ. സി. ടി. ഇ. പറഞ്ഞ നിബന്ധനകൾ വളരെ കർശനമായി പാലിക്കാനുള്ള നിർദ്ദേശം ഗവൺമെന്റ് നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇവിടെ 291 വിദ്യാഭ്യാസ ഏജൻസികളുടെ ബി. എഡ്. ട്രെയിനിംഗ് കോളേജ് തുടങ്ങാനാണ് എൻ. ഒ. സി. കൊടുത്തിരുന്നത്. അതിൽ 75 സ്ഥാപനങ്ങൾക്കുമാത്രം എൻ. ഒ. സി. കൊടുത്താൽ മതി എന്ന് പിന്നീട് കോടതി വിധിയുണ്ടായി. ഈ 75 എണ്ണത്തിന്റെ കാര്യങ്ങൾ നോക്കി, സൗകര്യങ്ങൾ ഉണ്ടോ എന്നൊക്കെ പരിശോധിച്ചു തരാൻ വേണ്ടി ഒരു വിദഗ്ദ്ധസമിതിയെ വച്ചിരിക്കുകയാണ്. ആ ഒരു സ്റ്റേജിലാണ് ഇപ്പോൾ ഉള്ളത്. നേരത്തെ പറഞ്ഞത് പോലെ എൻ. സി. ടി. ഇ. നിർദ്ദേശിക്കുന്ന എല്ലാ ഘടകങ്ങളും ഇതിൽ ഉണ്ടാകണം എന്നുള്ളത് തീർച്ചയായിട്ടും സൂക്ഷിക്കുന്നതാണ്, നിർബന്ധിതവുമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സർവ്വകലാശാലകൾ നേരിട്ടു നടത്തുന്ന ബി. എഡ്. സെന്ററുകളും ഗവൺമെന്റ് നടത്തുന്ന ട്രെയിനിംഗ് സെന്ററുകളുമാണ് യഥാർത്ഥത്തിൽ പാവപ്പെട്ടവർക്ക് ടീച്ചർ എഡ്യുക്കേഷൻ കിട്ടുന്നതിനുള്ള ഇന്നത്തെ ഏറ്റവും വലിയ സൗകര്യം. എൻ. സി. ടി. ഇ. മുന്നോട്ടു വയ്ക്കുന്ന നിബന്ധന സ്വകാര്യ മാനേജുമെന്റുകളെ സഹായിക്കാൻ വേണ്ടിയുള്ള നിബന്ധനകളാണ്. സ്വകാര്യ സ്ഥാപനങ്ങളുടെ കാര്യത്തിൽ അവർ അയവു വരുത്തുകയും യൂണിവേഴ്സിറ്റികൾ നേരിട്ടു നടത്തുന്ന കാര്യത്തിലും ഗവൺമെന്റ് നേരിട്ടു നടത്തുന്ന സ്ഥാപനത്തിലുമാണ് എൻ. സി. ടി. ഇ. കർശനമായിട്ടുള്ള ഈ നിബന്ധനകൾ നടപ്പാക്കാൻ ശ്രമിക്കുന്നത്. ഇപ്പോൾ തന്നെ കാസർഗോഡ് ബി. എഡ്. സെന്റർ യൂണിവേഴ്സിറ്റി നേരിട്ട് നടത്തുന്നുണ്ട്. മാനന്തവാടി ബി. എഡ്. സെന്റർ അടിസ്ഥാന സൗകര്യം ഇല്ലെന്നു പറഞ്ഞുകൊണ്ട് അവിടത്തെ കോഴ്സ് നിർത്തി വയ്ക്കാൻ എൻ. സി. ടി. ഇ. നിർദ്ദേശം നൽകിയിരിക്കുകയാണ്. ഇത്തരം സെന്ററുകളുടെ കാര്യത്തിൽ പ്രത്യേക പരിഗണന നൽകി യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ഇടപെടാൻ ഗവൺമെന്റ് പ്രത്യേക ശ്രദ്ധ കാണിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇടപെടലുകൾ ആവശ്യമാണ് എന്നുള്ള ഡിസ്കഷനാണ് ഇപ്പോൾ നടക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യം നിഷേധിക്കാനാവില്ല. കാരണം ഇവിടെ ഫീസ് കുറവാണ്. ധാരാളം ആളുകൾ ട്രെയിനിംഗിന് ആശ്രയിക്കുന്നത് ഈ സ്ഥാപനങ്ങളെയാണ്. പക്ഷെ അവിടെ വേണ്ടത്ര സൗകര്യമില്ല എന്നുള്ളതും ഒരു പരമാർത്ഥമാണ്. നമുക്ക് ഇപ്പോൾ കരണീയമായിട്ടുള്ളത് അനുവദിച്ചിട്ടുള്ള സമയത്തിനുള്ളിൽ സൗകര്യങ്ങൾ ഉണ്ടാക്കാൻ യൂണിവേഴ്സിറ്റികളെ നിർബന്ധിക്കുക എന്നുള്ളതാണ്. നമുക്ക് നോക്കാം, പറഞ്ഞത് കറക്ടാണ്. ഇതിന്റെ പെറ്റീഷണേഴ്സ് തന്നെ മാനേജ്മെന്റ് അസോസിയേഷനുകൾ ആണല്ലോ. അങ്ങനെയുള്ള കാര്യങ്ങളൊക്കെ ഉണ്ടായിരിക്കാം. കോടതി വിധിയാണ് കോടതി വിധി ആയത് കൊണ്ട് ഇപ്പോൾ സൗകര്യങ്ങൾ ഉണ്ടാക്കാൻ വേണ്ടി നിർബന്ധിക്കുക എന്നുള്ളതാണ് നമുക്ക് ചെയ്യാവുന്നത്.

ശ്രീ. വി. ഡി. സതീശൻ: ഇതുമായി ബന്ധപ്പെട്ട കോടതി വിധി ഉണ്ടായിരുന്നത് കേരള അൺ എയ്ഡഡ് ട്രെയിനിംഗ് കോളേജ് ടീച്ചേഴ്സ് മാനേജ്മെന്റ് അസോസിയേഷൻ സമർപ്പിച്ച ഒരു ഹർജിയിലാണ്. അവർക്ക് സ്വാശ്രയ മാനേജ്മെന്റുകളുടെ കീഴിൽ ബി. എഡ്. സ്ഥാപനങ്ങൾ തുടങ്ങാനുള്ള സൗകര്യത്തിനു വേണ്ടിയിട്ടാണ് ഇങ്ങനെ ഒരു പരാതിയുമായി കോടതിയെ സമീപിച്ചത്. ഇതിനകത്ത്

പ്രധാനപ്പെട്ട ഒരു കാര്യമായി കോടതി പറയുന്നത് ഇൻഫ്രാസ്ട്രക്ചറും അതുപോലെ അധ്യാപക വിദ്യാർത്ഥി റേഷ്യോയും ആണ്. അധ്യാപകർക്ക് നേരിട്ട് ശമ്പളം കൊടുക്കുന്നത് സർക്കാരാണ്. അതുകൊണ്ട് കോടതി നിർദ്ദേശിക്കുന്ന, എൻ. സി. ടി. ഇ. നിർദ്ദേശിക്കുന്ന ഈ വിദ്യാർത്ഥി അധ്യാപക അനുപാതം അവിടെ നടപ്പിൽ വരുത്താനും ആവശ്യമായ ഇൻഫ്രാസ്ട്രക്ചർ കൈവരുത്താനും യൂണിവേഴ്സിറ്റികൾക്ക് ആവശ്യമായ നിർദ്ദേശം കൊടുക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അതുതന്നെയാണ് ഞാൻ ഇപ്പോൾ പറഞ്ഞത്. പെറ്റീഷനുമായിട്ട് പോയത് അവരാണ്. അവരുടെ ഒരു കേസ് എന്താണെന്നു വച്ചാൽ അവർ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തി ഫീസൊക്കെ കളക്ട് ചെയ്ത് നന്നാക്കി നടത്തുന്നു. യാതൊരു സൗകര്യവും ഇല്ലാതെ യൂണിവേഴ്സിറ്റി കോളേജ് നടത്തുന്നു. അവിടെ ലബോറട്ടറി ഇല്ല. മറ്റു സൗകര്യമില്ല. എൻ. സി. ടി. ഇ. നിർബന്ധിച്ച ഒരു ഘടകവും ഇല്ല. അപ്പോൾ അവർക്ക് വേണമെങ്കിൽ ന്യായം പറയാം, അതിനനുസരിച്ചുള്ള ഫീസേ വാങ്ങുന്നുള്ളൂ. ഇതിന്റെയൊക്കെ ഇടയിലാണ് കാര്യങ്ങൾ. നമുക്ക് എടുക്കാവുന്ന ഒരു നിലപാട് സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നുള്ളതാണ്. നമ്മുടെ അധികാര പരിധിക്കുള്ളിൽ നിന്ന് സൗകര്യങ്ങൾ ഏർപ്പെടുത്താൻ വേണ്ടി ഗവൺമെന്റ് നോക്കും.

ശ്രീ. ബിനോയ് വിശ്വം: സർ, യൂണിവേഴ്സിറ്റികളുടെ നിയന്ത്രണത്തിലുള്ള ബി. എഡ്. കോളേജുകളുടെ പ്രശ്നം ഇവിടെ പറഞ്ഞു. സ്വകാര്യമേഖലയിൽ ഇത്തരം സ്ഥാപനങ്ങൾക്ക് വേണ്ടിയിട്ടുള്ള സമ്മർദ്ദം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ഭാഗത്ത് സ്കൂൾ പൂട്ടുന്നു, അധ്യാപകർ തെരുവിലേക്ക് എറിയപ്പെടുന്നു, നമുക്ക് ഈ രംഗത്ത് പ്ലാനിംഗ് വേണ്ടേ? എത്ര അധ്യാപകരെ നമുക്ക് വേണം, എത്ര സ്കൂളുകൾ വേണം, അപ്പോൾ അതിനുവേണ്ടി ഗവൺമെന്റ് ഒരു നിർദ്ദേശം മുന്നോട്ടു വയ്ക്കുകയും മുൻതൂക്കം കൊടുത്തുകൊണ്ട് യൂണിവേഴ്സിറ്റികളുടേയും, ഗവൺമെന്റിന്റേയും ബി. എഡ്. കോളേജുകളെ സംരക്ഷിക്കാനുള്ള നീക്കം നടത്തണമെന്നാണ് എന്റെ അഭിപ്രായം. അതിന് ഈ ഗവൺമെന്റ് ഒരുക്കമാണോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഗവൺമെന്റിന് അതിന് ഒരുക്കക്കുറവൊന്നുമില്ല. കാരണം അതാതു കാലങ്ങളിലുള്ള ആവശ്യത്തെക്കുറിച്ച് പഠനം നടത്തി, അതനുസരിച്ച് എല്ലാ മേഖലയിലുമുള്ള ഇത്തരം സ്ഥാപനങ്ങളെ സംരക്ഷിക്കേണ്ടത് ആവശ്യമാണ്. വരുമാനം കുറഞ്ഞവർ ആശ്രയിക്കുന്നത്, ഫീസ് കൊടുക്കുന്നവർ ആശ്രയിക്കുന്നത്, ഇതിനെയൊക്കെ ശക്തിപ്പെടുത്തി പോകുക എന്നുള്ള ഒരു നിലപാട് തന്നെയാണ് ഗവൺമെന്റിന് എടുക്കാവുന്നത്. ആ നിലപാടിൽ വ്യത്യാസമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 1987-ലെ ഗവൺമെന്റ് ബി. എഡ്. കോളേജുകൾ നമ്മുടെ സർവ്വകലാശാലകൾ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനമായി ആരംഭിക്കുമെന്ന് ഒരു നയപരമായ തീരുമാനം എടുത്ത് അനുവദിച്ചു. അതിനുശേഷം ഈ ബി. എഡ്. കോളേജുകൾ സാമ്പത്തികമായി മെച്ചപ്പെട്ടു വന്നിട്ടുണ്ട്. ഈ ബി. എഡ്. കോളേജുകളിൽ നിന്ന് എത്ര കോടി രൂപ ഈ സംസ്ഥാനത്ത് യൂണിവേഴ്സിറ്റികൾക്ക് വരുമാനമുണ്ടായിട്ടുണ്ട്. അതിൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റിനുവേണ്ടി അതാതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എത്ര ലക്ഷം രൂപ മുടക്കിയിട്ടുണ്ട് എന്ന് അങ്ങേക്ക് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കൃത്യമായ കണക്ക് പറയാൻ കഴിയില്ല എങ്കിലും യൂണിവേഴ്സിറ്റികൾക്ക് ബി. എഡ്. സെന്ററുകളിൽ നിന്ന് ഇന്നലെ ഡിസ്ക്കസ് ചെയ്തപ്പോൾ നല്ല വരുമാനം ഉണ്ട്. ഈ സൗകര്യങ്ങൾ ഒക്കെ ഏർപ്പെടുത്താനുള്ള വരുമാനം ഉണ്ടെന്നാണ് മനസ്സിലായത്. അതിനൊക്കെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. ഇങ്ങനെ കിട്ടുന്ന ഫീസൊക്കെ വേറെ പല ആവശ്യങ്ങൾക്കും പോകുകയാണ് എന്നാണ് കണ്ടത്.

ശ്രീ. മത്തായി ചാക്കോ: സർ, രണ്ടാഴ്ച മുമ്പാണ് കേരള ഹൈക്കോടതിയിൽ സ്വകാര്യ മാനേജുമെന്റുകൾ കൊടുത്തിട്ടുള്ള ഈ കേസിന്റെ ഭാഗമായി ഗവൺമെന്റ് ഈ കേസ് തോറ്റിട്ടുള്ളത്. യഥാർത്ഥത്തിൽ ഹൈക്കോടതിയിൽ ഗവൺമെന്റിന്റെ സ്റ്റാന്റിംഗ് കൗൺസിൽ ഈ കാര്യങ്ങളെസംബന്ധിച്ച് വാദം നടത്തിയില്ല എന്നുള്ളതാണ് വസ്തുത. സർ, ഞാൻ ചോദിക്കാൻ ഉദ്ദേശിക്കുന്നത് ഭാരതി ദാസൻ യൂണിവേഴ്സിറ്റിയും അവിടുത്തെ സ്വകാര്യ മാനേജുമെന്റും തമ്മിലുള്ള ഒരു കേസിൽ സുപ്രീം കോടതി കഴിഞ്ഞ വർഷം യൂണിവേഴ്സിറ്റി നടത്തുന്ന ഇത്തരം കോഴ്സുകൾക്ക് എഞ്ചിനീയറിംഗ് കോളേജാണെങ്കിലും അതുപോലെതന്നെ B. Ed. കോളേജ് ആണെങ്കിലും N.C.T.E.-യുടേയും A.I.C.T.E. -യുടേയും പ്രത്യേക അനുവാദം ആവശ്യമില്ലെന്ന സുപ്രീം കോടതിയുടെ ഒരു വിധി നിലനിൽക്കെ ഈ കാര്യങ്ങൾ ഹൈക്കോടതിയിൽ ബോദ്ധ്യപ്പെടുത്തുന്ന കാര്യത്തിൽ വീഴ്ച വന്നതാണ് ഈ വിധിക്ക് അടിസ്ഥാനമെന്ന് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ? അത് തിരുത്തുന്നതിന് ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈ പൊസിഷൻ നമ്മെ സംബന്ധിച്ചിടത്തോളം അറിവില്ല. ആ പ്രത്യേക കേസിൽ സുപ്രീം കോടതിയുടെ വിധിക്കുശേഷം N.C.T.E.-യുടെ അംഗീകാരം ആവശ്യമില്ല എന്നുള്ള ഒരു പൊസിഷൻ ഇതുവരെ ഔദ്യോഗികമായി ഗവൺമെന്റിന് വിവരമില്ല. ഗവൺമെന്റിന്റെ ഇപ്പോഴത്തെ അറിവ് വച്ച് N.C.T.E.-യുടെ അംഗീകാരം വേണം എന്നുമാത്രമല്ല ഓരോ വർഷവും പുതുക്കുകയും വേണമെന്നുള്ളതാണ്, അത് പരിശോധിക്കാം.

ശ്രീ. വർക്കല കഹാർ: സർ, N.C.T.E. സംസ്ഥാനത്ത് എത്ര B.Ed. സീറ്റുകൾ നിറുത്തലാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്; അതിൽ സർവ്വകലാശാലകൾ നടത്തുന്ന എത്ര B.Ed. സെന്ററുകളിൽ നിന്നും എത്ര സീറ്റുകൾ കുറയ്ക്കേണ്ടിവരും?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അങ്ങനെ നമ്മൾ കണക്കാക്കിയിട്ടില്ല. N.C.T.E. 1995-ന് ശേഷമുള്ള സ്ഥിതിയിൽ അംഗീകാരം നിർബന്ധമാണ്. അംഗീകാരം നിർബന്ധമല്ലാത്തതുകൊണ്ട്, നിന്നുപോയതിനെ സംബന്ധിച്ച് എത്ര സീറ്റ് പോയിട്ടുണ്ട് എന്ന് കണക്കാക്കിയിട്ടില്ല, പ്രത്യേക നോട്ടീസ് വേണം.

ശ്രീ. ടി. കെ. ബാലൻ: സർ, നമ്മുടെ യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിലും ഗവൺമെന്റിന്റെ ആഭിമുഖ്യത്തിലും ഉള്ള കോളേജുകളിൽ പഠിക്കുന്നവർ മാത്രമല്ല, സംസ്ഥാനത്തിന്റെ പുറത്തുംപോയി ആയിരക്കണക്കിന് വിദ്യാർത്ഥികൾ ഇപ്പോൾ B. Ed. ബിരുദധാരികളായിട്ട് വരുന്നുണ്ട്. ഗവൺമെന്റിന്റെ തന്നെ ഒരു അനൗപചാരികമായിട്ടുള്ള കണക്ക് ഒരു ലക്ഷത്തോളം B. Ed.-കാർ കേരളത്തിൽ.....

മി. സ്പീക്കർ: ഈ ചോദ്യവുമായിട്ട് ബന്ധമുണ്ടോ ബാലൻ,

ശ്രീ. ടി. കെ. ബാലൻ: ഉണ്ട് സർ, ഞാൻ അതിലേക്ക് വരികയാണ്. അതുപോലെ തന്നെയാണ് ടി. ടി. സി.-ക്കാർ, അതുകൊണ്ട് ഇനിമുതൽ കേരളാ ഗവൺമെന്റ് അനുവദിക്കുന്നത് ഒന്നുകിൽ ഈ യൂണിവേഴ്സിറ്റിയിലും ഗവൺമെന്റ് തലത്തിലും അല്ലാതെ ഈ സെൽഫ് ഫിനാൻസ് മേഖലയിൽ തൽക്കാലം B. Ed. കോളേജുകൾ കൊടുക്കില്ല എന്ന നയപരമായിട്ടുള്ള തീരുമാനം എടുക്കണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ആവശ്യമുണ്ടെങ്കിൽ ആവശ്യമുള്ളത്ര, അത് നല്ലവണ്ണം നോക്കി പരിശോധിച്ച് കൊടുക്കുകയെന്നുള്ള നിലപാടല്ലേ ശരി.

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഒരു B. Ed. സെന്റർ സുൽത്താൻബത്തേരിയിൽ പ്രവർത്തിക്കുന്നുണ്ട്. പ്രാഥമിക സൗകര്യങ്ങൾപോലും ഇല്ലാതെയുള്ള ഒരു ഇൻസ്റ്റിറ്റ്യൂഷനിൽ കേരളത്തിലെ എല്ലാ ഭാഗത്തു നിന്നും കുട്ടികൾ വന്ന് പഠിക്കുന്നുണ്ട്. ആ സ്ഥാപനത്തെ യൂണിവേഴ്സിറ്റിയുടെ ഭാഗമെന്നുള്ള നിലയ്ക്ക് ഗവൺമെന്റ് അതിന് സൗകര്യം ഉണ്ടാക്കിക്കൊടുത്തുകൊണ്ട് പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: മെയിൻ ക്വസ്റ്റ്യൻ തന്നെ അതാണ്. അതിൽ പറഞ്ഞിട്ടുണ്ട്. തീർച്ചയായിട്ടും അത് പരിശോധിക്കാം.

ശ്രീ. ടി. കെ. ദേവകുമാർ: സർ, സർവ്വകലാശാലകൾ നേരിട്ട് നടത്തുന്ന B. Ed. സ്ഥാപനങ്ങൾ കൂടാതെ എഴുപത്തിയഞ്ചോളം സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനെ കുറിച്ച് നാം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ ചോദ്യം ഈ വർഷത്തെ വിദ്യാർത്ഥി പരിശോധന കഴിഞ്ഞപ്പോൾ ഈ രണ്ടു ലക്ഷത്തിലേറെ വിദ്യാർത്ഥികൾ എയിഡഡ് ഗവൺമെന്റ് സ്കൂളുകളിൽ നിന്ന് നഷ്ടപ്പെട്ടിരിക്കുന്നു. ഏകദിന പരിശോധന കഴിഞ്ഞപ്പോൾ രണ്ടായിരത്തി നാന്നൂറോളം.....

മി. സ്പീക്കർ: യൂണിവേഴ്സിറ്റി നടത്തുന്ന B. Ed. ആണ്.

ശ്രീ. ടി. കെ. ദേവകുമാർ: അതേ, യൂണിവേഴ്സിറ്റി നേരിട്ട് നടത്തുന്ന B. Ed. കോളേജുകളിൽ നിന്ന് പുറത്ത് ഇറങ്ങുന്നവർക്കു പോലും തൊഴിൽ സാധ്യത കുറയുന്ന സാഹചര്യത്തിലാണ് എഴുപത്തിയഞ്ചോളം പുതിയ സ്ഥാപനങ്ങൾ കൊണ്ടു വരുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നത്. സുപ്രീംകോടതിയുടെ ഒരു പ്രശ്നമുണ്ട്. അത് മറുപടി കിട്ടേണ്ട കാര്യമാണ്. സർ, കാരണം സുപ്രീം കോടതിയിൽ പത്തനംതിട്ട ജില്ലയിൽ റാങ്ക് ഹോൾഡേഴ്സ് കേസ് കൊടുത്തതിന്റെ ഭാഗമായി നിലവിൽ B. Ed.-കാരെ നിയമിച്ചുകൊണ്ടിരുന്ന അപ്പർ പ്രൈമറിയിൽ നിയമിക്കാൻ പാടില്ല എന്ന് വിധി വന്നിരിക്കുന്ന സാഹചര്യത്തിൽ ഈ പുതിയ എഴുപത്തിയഞ്ചോളം സ്ഥാപനങ്ങൾക്ക് കൊടുക്കുന്നത് നിറുത്തിവയ്ക്കുകയും നിലവിലുള്ള സർവ്വകലാശാലകൾ നടത്തുന്ന B. Ed. കോഴ്സുകൾ ശക്തമാക്കിക്കൊണ്ട് ആവശ്യത്തിന് അനുസരിച്ചുള്ള B. Ed.-കാരെ പുറത്തുവരാൻ അവസരം ഉണ്ടാക്കുന്നതല്ലേ ഭാവിക്ക് നല്ലത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: നമ്മുടെ സംസ്ഥാനത്തെ ആവശ്യം മാത്രമല്ലല്ലോ, ട്രെയിനിംഗ് കഴിഞ്ഞ ആളുകൾക്ക് മറ്റ് സംസ്ഥാനങ്ങളിലും ജോലി ലഭിക്കാം, അതു പോലെ തന്നെ സി.ബി. എസ്. ഇ. സ്കൂളുകളിലൊക്കെ ജോലി സാധ്യത വേറെയും ഉണ്ടാകാമല്ലൊ? അതുകൊണ്ട് ഇപ്പോൾ ഇരുന്നൂറ്റി തൊണ്ണൂറ്റിയൊന്നിനോ മറ്റോ എൻ. ഒ. സി. കൊടുത്തുവെങ്കിലും 75 എണ്ണം അല്ലേ നമ്മൾ ആലോചിക്കുന്നുള്ളൂ, അതിന് തന്നെ ഒരു വിദഗ്ദ്ധ സമിതിയെ വച്ചിരിക്കുകയാണ്. അവരുടെ പാനലിന്റെ അടിസ്ഥാനത്തിൽ ആണല്ലോ വരുന്നത്.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, പത്തുവർഷം മുൻപ് കാസർഗോഡ് അനുവദിച്ച യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള B. Ed. സെന്ററുകൾ ഇന്നും കെട്ടിടമില്ലാതെ ഏറ്റവും വലിയ പ്രതിസന്ധി നേരിടുകയാണ്. അതുകൊണ്ട് അടിയന്തിരമായി പ്രസ്തുത സെന്ററിന് കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇതുതന്നെയാണ് പ്രശ്നം. വ്യാപകമായ പരാതിയുണ്ട്. അതുകൊണ്ട് കേസ് വെറും ഗൂഢാലോചനയെന്ന് പറയാൻ പറ്റില്ല. ബത്തേരിയിൽ നിന്നും കാസർഗോഡ് നിന്നുമൊക്കെ മെമ്പർമാർ പറയുന്നത് കേട്ടില്ലേ, വളരെ ശോച്യമായ അവസ്ഥയാണ്, അതുകൊണ്ടാണ് സൗകര്യം കൂട്ടിയേ മതിയാകൂ, ഈ സെന്ററുകളിൽ നിന്ന് യൂണിവേഴ്സിറ്റികൾക്ക് വരുമാനമുണ്ട്. ചെയ്യുന്നില്ല എന്നുള്ളതാണ് പ്രധാന പ്രശ്നം. അത് നമുക്ക് കഴിയുന്ന വിധത്തിൽ നോക്കാം.

ശ്രീ. പി. ടി. തോമസ്; ഈ സ്വാശ്രയ B. Ed. കോളേജുകൾ നമ്മുടെ യൂണിവേഴ്സിറ്റി തുടങ്ങിയത് യൂണിവേഴ്സിറ്റിയുടെ കീഴിൽ ആണെങ്കിലും അതിന് കനത്ത ഫീസ് ആണ്. 17,500 ഉറുപ്പികയാണ് ഒരു വർഷം കൊടുക്കേണ്ടത്, അതൊരു കൊള്ള ഫീസാണ്, സർ. എന്നാൽ പോലും അതിന് യൂണിവേഴ്സിറ്റിയുടെ കീഴിൽ ആണെന്ന ഒരു സാമൂഹ്യ കമ്മിറ്റ്മെന്റ് ഉണ്ട്. പണ്ട് ജി. സുധാകരൻ കേരളാ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെമ്പർ ആയിരുന്നപ്പോൾ ആണ് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഈ സെൽഫ് ഫിനാൻസിംഗ് B. Ed. കോളേജുകൾ ആരംഭിച്ചത്. കഴിഞ്ഞ ഗവൺമെന്റ് പോകുന്ന അവസാന നിമിഷം തേഞ്ഞിപ്പാലത്തും, ചേകന്നൂരിലും ഉള്ള രണ്ട് പ്രൈവറ്റ് വ്യക്തികൾക്ക് B. Ed. കോളേജുകൾ കൊടുക്കുകയുണ്ടായി. എന്റെ പ്രധാനപ്പെട്ട ചോദ്യം തൊടുപുഴയിൽ എം. ജി. യൂണിവേഴ്സിറ്റി നടത്തുന്ന ഒരു B. Ed. കോളേജ് ഉണ്ട്, ആ B. Ed. കോളേജിൽ സ്ഥലസൗകര്യത്തിന്റെ കുറവാണ്. ഇന്ന് യൂണിവേഴ്സിറ്റികൾ നടക്കുന്നതു തന്നെ B. Ed. കോളേജിന്റെ പണം കൊണ്ടാണ്. അത് വേറൊരു കാര്യം. പക്ഷെ ആ B. Ed. കോളേജിന് സ്ഥലസൗകര്യം കുറവാണ്. കുറെ നാളുകളായി പല കോൺഫറൻസുകളും കാര്യങ്ങളും നടക്കുന്നു, സ്ഥലം അനുവദിക്കുന്നില്ല. ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി തൊടുപുഴയിൽ ഒരു ചടങ്ങിൽ പങ്കെടുത്തപ്പോൾ ഈ B. Ed. കോളേജ് ഒഴിഞ്ഞു കിടക്കുന്ന ഗവൺമെന്റ് സ്കൂളിലേക്ക് മാറ്റാമെന്ന് പറഞ്ഞിരുന്നു. അതിന്റെ ഫയൽ ആറു മാസമായി കെട്ടികിടക്കുകയാണ്. ആ ഫയൽ ഒന്നു വിളിച്ച് അടിയന്തിരമായി ഈ ഗവൺമെന്റ് സ്കൂളിലേക്ക് മാറ്റാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: തൊടുപുഴ സെന്ററിന്റെ കാര്യത്തിൽ സൂപ്പി എന്താണ് ചെയ്തിരിക്കുന്നത് എന്നു നോക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, സർവ്വകലാശാലകൾ നേരിട്ട് നടത്തുന്ന മുപ്പത്തിയഞ്ചോളം B. Ed. സെന്ററുകൾ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇത് National Council for Teacher Education-ന്റെ അനുമതിയുടെ കൂടെ ആവശ്യമുണ്ട്, ഇപ്പോൾ ഇല്ല, അത് മാത്രമല്ല മറ്റ് സംസ്ഥാനങ്ങളിൽ കേരളത്തിന് വെളിയിൽ ഇതര സംസ്ഥാനങ്ങൾ എടുത്തു പരിശോധിച്ചു കഴിഞ്ഞാൽ പലപ്പോഴും ഈ ടീച്ചർ എഡ്യൂക്കേഷൻ എന്നു പറയുന്ന സംവിധാനം ഈ പറയുന്ന നിബന്ധനകൾ ഒന്നും അവർ കർശനമാക്കുന്നില്ല. ഇത്തരം ഒരു പശ്ചാത്തലത്തിൽ നമ്മുടെ സംസ്ഥാന ത്തിന്റെ ഈ B. Ed. സെന്ററുകൾക്ക് ആവശ്യമായ അനുമതി ലഭിക്കുന്നതിന് മറ്റ് സംസ്ഥാനങ്ങളുടെ കാര്യം കണക്കിലെടുത്തുകൊണ്ട് ഇടപെടാൻ ഗവൺമെന്റ് തയ്യാ റാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈ യൂണിവേഴ്സിറ്റികളുടെ B. Ed. സെന്റ റുകൾ ഈ കേസ് ഒക്കെ വന്നതിന്റെ അടിസ്ഥാനത്തിൽ നിന്നു പോകരുത് എന്നു ള്ളതാണ് എന്നുവെച്ച് ഇപ്പോൾ വളരെ ശോചനീയമായ സാഹചര്യത്തിൽ സൗകര്യ ങ്ങൾ ഏർപ്പെടുത്താൻ വേണ്ടി സമയം അനുവദിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ നമ്മൾ സൗകര്യം വേണ്ട എന്നുള്ള നിലപാട് എടുക്കാൻ പറ്റുകയില്ല. വളരെ ശോചനീയ മാണ് മെമ്പർമാർ പറയുന്നത്. കേട്ടില്ലേ ഓരോ സ്ഥലത്തുമുള്ള B. Ed. സെന്ററുക ളുടെ സ്ഥിതി. ഇപ്പോൾ നമുക്ക് ചെയ്യാൻ പറ്റുന്നത്, സൗകര്യം കൂട്ടണം എന്നു നിർബന്ധിക്കുക തന്നെയാണ്.

ശ്രീ. കെ. മോഹൻ കുമാർ: സർ, 1988-90 വർഷങ്ങളിൽ എല്ലാ പ്രത്യയ ശാസ്ത്ര ങ്ങൾക്കും അവധികൊടുത്തുകൊണ്ട് അന്നത്തെ കേരള സർവ്വകലാശാല സിൻഡിക്കേറ്റ് എടുത്ത ജനോപകാരപ്രദമായ നടപടിയാണ് ഈ സ്വാശ്രയ കോളേജുകളുടെ മാതൃ കയിൽ അതിന്റെ പൂർവ്വകാലമായ സമ്പ്രദായമായ B. Ed. സെന്റർ അനുവദിച്ചത്. ഇപ്പോൾ സർക്കാർ കോളേജുകളിൽ ഏതാണ്ട് ആയിരം രൂപ ഫീസ് ആണ് ചുമത്തു ന്നതെങ്കിൽ B. Ed. സെന്ററുകൾക്ക് സർവ്വകലാശാല ചുമത്തുന്നത് പതിനായിരത്തോളം രൂപയാണ്. കേരളത്തിലെ 10 B. Ed. കോളേജുകളിൽ 80 ലക്ഷം രൂപയാണ് എല്ലാ ചെലവും കഴിഞ്ഞ് സർവ്വകലാശാലയുടെ മറ്റ് കാര്യങ്ങൾക്ക് ചെലവഴിക്കുന്നതിനു വേണ്ടി പ്രതിവർഷം ലഭിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കാര്യമായിട്ട് ഒന്നും ചെയ്യാത്തതുകൊണ്ട് N.C.T.E.-യുടെ മാനദണ്ഡം അനുസരിക്കണം എന്നു നിർദ്ദേശിച്ചുകൊണ്ടുള്ള നിലപാട് നിഷേധിച്ചുകൊണ്ടാണ് കോടതി ഇങ്ങനെ ഒരു വിധി പുറപ്പെടുവിച്ചത്. ബഹുമാനപ്പെട്ട തിരുവഞ്ചൂരിനെപ്പോ ലുള്ള മെമ്പർമാർ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി അവരുടെ എം. എൽ. എ. ഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നുണ്ട്. എന്റെ ചോദ്യം, കോടതി വിധി ഉയർത്തി വിട്ടിരിക്കുന്ന പുതിയ വിധിയുടെ പശ്ചാത്തലത്തിൽ സാധാരണക്കാർക്ക് പ്രാപ്യമായ ഈ B. Ed. സെന്ററുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും ഒപ്പം നിരവധി B. Ed. കോളേജുകൾ അനുവദിച്ചുകൊണ്ട് B. Ed. കോഴ്സുകൾക്ക് ജോലി സാദ്ധ്യത കൂടുതൽ ഉറപ്പായിരിക്കുന്ന പശ്ചാത്തലത്തിൽ ഈ B. Ed. വിദ്യാർത്ഥി കളുടെ ഉന്നത വിദ്യാഭ്യാസ സൗകര്യം കൂടി വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഇടപ്പെട്ട് യൂണിവേഴ്സിറ്റി മേഖലയിൽ മാത്രം വയ്ക്കാതെ ഒരു ഉന്നതതല സമ്മേളനം വിളിച്ചു ചേർക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: പുതിയ സർവ്വകലാശാല ബിൽ ഒക്കെ പാസാകട്ടെ, പുതിയ പശ്ചാത്തലത്തിൽ നമുക്ക് ആലോചിക്കാം, കാരണം ഇത് ഇപ്പോൾ പറഞ്ഞതുപോലെ അന്നത്തെ നിലയിൽ നിന്നും one step forward -ആണ്, ഈ B. Ed. സെന്ററുകൾ വരുമാനം ഉണ്ടാക്കുന്ന ആശയമാണ്, അത് മോശമല്ല, ഇത്രയും താരതമ്യേന കുറഞ്ഞ ഫീസ് ആയിട്ടുപോലും നല്ല വരുമാനം യൂണിവേഴ്സിറ്റിക്ക് ഉണ്ടാക്കി കൊടുക്കുന്നുണ്ട്. പക്ഷെ യൂണിവേഴ്സിറ്റിയുടെ മറ്റ് പരാധീനതകൾ, അതാണ് പ്രശ്നം ഉണ്ടാക്കുന്നത്.....ഇല്ലായ്മയുടെ.....അതൊക്കെ അങ്ങോട്ടും ഇങ്ങോട്ടും തിരിമറി ചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ യൂണിവേഴ്സിറ്റിയുടെ അഡ്മിനിസ്ട്രേഷൻ streamline ചെയ്ത് എഫിഷ്യന്റാക്കി കൊണ്ടുവന്ന് അതൊക്കെ നമുക്ക് നേരെ ആക്കി എടുക്കാവുന്നതേയുള്ളൂ. ഇതൊക്കെയാണ് ബില്ലിന്റെ പശ്ചാത്തലത്തിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. അച്ചുതൻ: സർ, തമിഴ് ഭാഷാ ന്യൂനപക്ഷ പ്രദേശമായ കൊഴിഞ്ഞാമ്പാറയിൽ ഒരു B.Ed. Centre തുടങ്ങണമെന്ന ആവശ്യമുന്നയിച്ചപ്പോൾ അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ. കെ. നായനാർ അത് അനുവദിക്കാമെന്ന് ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ 5 ഏക്കർ സ്ഥലം യൂണിവേഴ്സിറ്റിയെ ഏൽപ്പിക്കാൻ സൗജന്യമായി വാങ്ങിയിട്ടുണ്ട്. Vice Chancellor വന്ന് സ്ഥലവും പരിശോധിച്ചു. സ്റ്റേറ്റ് ഹൈവേക്ക് 100 മീറ്റർ അടുത്തായിട്ട് നല്ല സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അടുത്ത വർഷം തന്നെ അവിടെ B.Ed. Centre തുടങ്ങാനുള്ള സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാനപ്പെട്ട എം. എൽ. എ. എഴുതി തന്നാൽ ഇക്കാര്യം പ്രത്യേകമായിട്ട് പരിശോധിക്കാം.

ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ: സർ, ഈ സഭയിൽ അനൗദ്യോഗിക പ്രമേയം അവതരിപ്പിച്ചുകൊണ്ട് All India Council for Technical Education സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അംഗീകാരത്തിന്റെ കാര്യത്തിൽ സ്വീകരിക്കുന്ന ഇരട്ടത്താപ്പ് നയത്തിലേക്ക് ഞാൻ ശ്രദ്ധ ക്ഷണിച്ചിരുന്നപ്പോൾ സ്വകാര്യമേഖലയിൽ തമിഴ്നാട്ടിലും മറ്റ് സംസ്ഥാനങ്ങളിലും നടത്തുന്ന സൗകര്യമില്ലാത്ത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുമതി നൽകുമ്പോൾ കൊച്ചിൻ സർവ്വകലാശാല പോലെയുള്ള പേരുകേട്ട സർവ്വകലാശാലകൾ നടത്തുന്ന കോഴ്സുകൾക്ക് അംഗീകാരം നൽകാത്ത അവസ്ഥാവിശേഷം ഞാൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് ശരിയാണെന്ന് പലരും സമ്മതിക്കുകയുണ്ടായി. അതുപോലെയാണ് National Council for Teacher Education യൂണിവേഴ്സിറ്റി നടത്തുന്ന B.Ed. Centre-കളുടെ കാര്യത്തിലും കാണിച്ചു വരുന്ന ഇരട്ടത്താപ്പ് നയം. B.Ed. College-കളുടെ കാര്യത്തിൽ ഉള്ള സൗകര്യങ്ങളെന്ന് പറയുന്നത്, Teaching Experience-നുള്ള സൗകര്യങ്ങളെന്ന് പറയുന്നത് അടുത്തുള്ള സ്കൂളുകളാണ്. അതിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യങ്ങളെന്ന വിവക്ഷതന്നെ പ്രത്യേകിച്ച് പരിശോധിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ കോടതിയുടെ ശ്രദ്ധയിൽ ഈ വക കാര്യങ്ങൾ കൊണ്ടുവരുന്നതിനും ഗവൺമെന്റ് ശ്രമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, N.C.T.E.-യുടെ അടിസ്ഥാന സൗകര്യങ്ങളെ സംബന്ധിച്ചുള്ള വിവക്ഷ അവർ തീരുമാനിക്കുന്നതാണ്. അതിൽ നമുക്കൊന്നും ഇടപെടാനൊക്കില്ല.

ശ്രീ. കെ. നാരായണക്കുറുപ്പ്: സർ, വിദ്യാഭ്യാസം ഉദ്യോഗത്തിന് വേണ്ടിയാണെന്നുള്ള വാദഗതിക്കാരാണ് ഇവിടെ കാണുന്ന ഭൂരിപക്ഷവും എന്നു തോന്നുന്നു. വിദ്യ പഠിച്ചതുകൊണ്ട് ഉദ്യോഗം കിട്ടണമെന്നൊന്നുമില്ല. അതുകൊണ്ട് B.Ed. പഠിച്ചാൽ പള്ളിക്കൂടത്തിൽ പോയി പഠിപ്പിക്കാം എന്നൊന്നുമില്ല. പണ്ടുള്ള വിദ്യാഭ്യാസം ആ രീതിയിൽ ആയിരുന്നില്ല. പഠിക്കാൻ ആഗ്രഹമുള്ള കുട്ടിക്ക് പഠിക്കാൻ സൗകര്യമുണ്ടാക്കി കൊടുക്കേണ്ട ബാദ്ധ്യത ഗവൺമെന്റിനാണ്. B.Ed. വിദ്യാർത്ഥികളിൽ ഭൂരിഭാഗവും പെൺകുട്ടികളാണ്. അവർ പഠിക്കാതെ വീട്ടിൽ നിൽക്കുന്നത് ബുദ്ധിമുട്ടായതുകൊണ്ട് കോളേജിൽ പോയി പഠിക്കട്ടെ എന്ന നിലയിലാണ്, അത് മറച്ചു വെച്ചിട്ട് കാര്യമില്ല. എന്നാൽ പഠിക്കാൻ സൗകര്യമില്ലാത്ത സാഹചര്യം. വന്നാൽ അത് ബുദ്ധിമുട്ടല്ലേ, അതുകൊണ്ട് B.Ed. College നടത്തുന്നിടത്ത് അത് അനുവദിക്കുകയാണ് വേണ്ടത്. അവിടെ പഠിക്കാൻ ആളില്ലാതെ വന്നാൽ അടച്ചു കൊള്ളട്ടേ. അതുകൊണ്ട് B.Ed. College കൂടുതലായി വന്നു എന്ന രോദനം കണക്കാക്കേണ്ട കാര്യമില്ല എന്നാണ് എന്റെ അഭിപ്രായം. വിദ്യ ഏതായിരുന്നാലും അത് നല്ലതാണ്. കൊച്ചുങ്ങളെ പള്ളിക്കൂടത്തിലേക്ക് വിട്ടാൽ ഉടനെ ഉദ്യോഗത്തിനുവേണ്ടി ശുപാർശ ചെയ്യുന്ന രക്ഷകർത്താക്കളാണധികവും. കുട്ടികളെ പഠിപ്പിക്കുന്നത്, Education for knowledge, ആ രീതിയിലേക്ക് പോകണം. B.Ed. കോളേജുകൾ കൂടിപ്പോകുന്നു എന്ന പരാതി ഗൗനിക്കേണ്ട കാര്യമില്ല.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അദ്ദേഹം വളരെ പഴയ ഒരു പ്രൊഫസറും വിദ്യാഭ്യാസ വിചക്ഷണനുമാണ്. വിദ്യ ഉപജീവനത്തിന് മാത്രമല്ല എന്നുള്ള വീക്ഷണം വളരെ ഗൗരവത്തോടുകൂടിയാണ് ഗവൺമെന്റ് കാണുന്നത്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ചടയമംഗലം ഗവൺമെന്റ് ഹൈസ്ക്കൂളിൽ കേരള യൂണിവേഴ്സിറ്റിയുടെ B.Ed. Centre തുടങ്ങാൻ വേണ്ടി അപേക്ഷിച്ചിരുന്നു. എല്ലാവിധ ഭൗതിക സാഹചര്യങ്ങളും അവിടെ നിലവിലുണ്ട്. കേരള യൂണിവേഴ്സിറ്റിയോട് പുതിയ B.Ed. Centre തുടങ്ങേണ്ട എന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ടോ; ചടയമംഗലത്ത് B.Ed. Centre തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, യൂണിവേഴ്സിറ്റികളോട് അങ്ങനെ നിർദ്ദേശിച്ചിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. അത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. പി. നാരായണൻ: സർ, കേരളത്തിൽ B.Ed. ബിരുദം നേടിയ തൊഴിൽ രഹിതരായ എത്ര പേരുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇപ്പോൾ ആ ഫിഗർ എന്റെ കയ്യിലില്ല, പ്രത്യേകം നോട്ടീസ് തന്നാൽ നോക്കാം.

ശ്രീ. ടി. എൻ. പ്രതാപൻ: സർ സർവ്വകലാശാലകൾ നേരിട്ട് നടത്തുന്ന 35 B.Ed. Centre-കളിൽ എന്റെ നിയോജകമണ്ഡലത്തിൽ 2 എണ്ണം ഞാൻ എം. എൽ. എ. ആയതിനുശേഷം കൊണ്ടുവരികയായിരുന്നു. എന്റെ എം. എൽ. എ. ഫണ്ടിൽ നിന്നും 12 ലക്ഷം രൂപ ഉപയോഗിച്ചുകൊണ്ട് അതിനുള്ള പുതിയ കെട്ടിടം നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ഈ സന്ദർഭത്തിലാണ് ഹൈക്കോടതിയുടെ പുതിയ വിധി വന്നത്. ഈ വിധി തിരുത്തുന്നതിനുവേണ്ടി യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ അപ്പീൽ കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇവിടെ 36 B.Ed. Centre-കളാണുള്ളത്. വിധിക്കെതിരെ അപ്പീൽ കൊടുക്കുന്ന കാര്യം ആലോചിക്കാം. വിധിയുടെ പകർപ്പ് കിട്ടിയിട്ടില്ല.

ശ്രീ. എം. എ. വാഹീദ്; സർ, B.Ed. Centre-കൾ നടത്തുന്നതിൽ കേരള യൂണിവേഴ്സിറ്റിക്ക് പ്രതിവർഷം 80 ലക്ഷം രൂപ ലാഭമാണെന്നറിയാൻ കഴിഞ്ഞു. ഈ ലാഭമുള്ളപ്പോഴും B.Ed. Centre-കളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുന്നില്ല. എന്റെ നിയോജക മണ്ഡലത്തിൽ കണിയാപുരത്ത് ഇത്തരത്തിലുള്ള ഒരു B.Ed. Centre ഉണ്ട്. അവിടെ പഠിക്കുന്നത് കൂടുതലും പെൺകുട്ടികളാണ്. യാതൊരു സൗകര്യവും അവിടെ യൂണിവേഴ്സിറ്റി ഏർപ്പെടുത്തിയിട്ടില്ല. വിദ്യാർത്ഥികളിൽ നിന്നും പിരിക്കുന്ന പണത്തിന്റെ 20 ശതമാനം തുക B.Ed. Centre-കളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ചെലവഴിക്കുന്നതിന് സർക്കാർ യൂണിവേഴ്സിറ്റികൾക്ക് പ്രത്യേക നിർദ്ദേശം നൽകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, B.Ed. Centre-ളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തണം. യൂണിവേഴ്സിറ്റികൾ അതിനുവേണ്ടി ശ്രദ്ധിക്കണമെന്നുള്ളതാണ്. കാശ് മുടക്കുന്ന കാര്യം ശ്രദ്ധിക്കും.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: സർ, സർവ്വകലാശാലകൾ നേരിട്ട് നടത്തുന്ന B.Ed. Centre-കളിൽ N.C.T.E. norms പ്രകാരമുള്ള കെട്ടിട സൗകര്യം നിലവിലില്ലെന്നും, 2002-03 സാമ്പത്തിക വർഷത്തിൽ ഈ സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഹെഡിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുക ചെലവഴിച്ചിട്ടില്ല എന്ന് എനിക്ക് നേരിട്ടറിയാവുന്ന കാര്യമാണ്. അതിനെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇത് നേരിട്ട് യൂണിവേഴ്സിറ്റി ചെലവഴിക്കേണ്ടതാണ്. അതുകൊണ്ട് വിഷമം വരുന്നില്ല. അവർക്കു കൊടുക്കുന്ന ഗ്രാന്റിൽ നിന്ന് അവരാണ് ചെലവഴിക്കുന്നത്.

ശ്രീ. കെ. കെ. ഷാജു: സർ, കേരള യൂണിവേഴ്സ്റ്റി നടത്തുന്ന ഒരു B.Ed. Centre എന്റെ നിയോജകമണ്ഡലത്തിലെ തഴക്കര പഞ്ചായത്തിലുണ്ട്. അതിപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

പശ്ചാത്തല സൗകര്യമില്ലാത്തിനാൽ മാറ്റിക്കൊണ്ടുപോകുമെന്ന് പറഞ്ഞ് ജനപ്രതിനിധി എന്ന നിലയിൽ എന്നെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. എന്റെ എം. എൽ. എ. ഫണ്ടിൽ നിന്നും 3 ലക്ഷം രൂപ ഞാൻ കൊടുത്തു. അവിടെ പശ്ചാത്തല സൗകര്യമുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഭീഷണിപ്പെടുത്തുന്ന സാഹചര്യം നമുക്ക് ഒഴിവാക്കാൻ നോക്കാം.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഏകദേശം 15 വർഷങ്ങൾക്കുമുമ്പ് B.Ed.-കാർക്ക് വളരെയധികം സാദ്ധ്യതകളുള്ള സമയമുണ്ടായിരുന്നു. അന്ന് ബാംഗ്ലൂരിൽനിന്നും ആസാമിൽനിന്നുപോലും B.Ed. എടുത്ത് ഇവിടെ വന്ന് തൊഴിൽ നേടിയിരുന്ന സാഹചര്യമുണ്ടായിരുന്നു. അന്നത്തെ സാദ്ധ്യതകൾ കണക്കിലെടുത്താണ് യൂണിവേഴ്സിറ്റികൾ B.Ed. Centre-കൾ ആരംഭിച്ചത്. ഇന്നത്തെ സ്ഥിതി അതല്ല. 291 B.Ed. Centre-കൾക്ക് N.O.C. കൊടുക്കുമ്പോൾ അത് കോടതി 75 ആയി ചുരുക്കിയാൽപോലും, ഒരു വർഷം ഇവിടെ നിന്നും 100 പേർ വീതം ഇറങ്ങിയാൽപ്പോലും 75,000 പേർ വെറുതെ തൊഴിലില്ലാതെ തെക്ക് വടക്ക് അലയേണ്ടിവരും. ഒന്നുകിൽ ഫീസ് ഏകീകരിച്ച് നേരിട്ട് സർവ്വകലാശാലകൾ നടത്തുന്ന B.Ed. Centre-ലെ ഫീസിനോടൊപ്പമാക്കുക. 35,000 രൂപ സ്വാശ്രയക്കാർ വാങ്ങുമ്പോൾ 17,500 രൂപയാണ് സർവ്വകലാശാലകൾ വാങ്ങുന്നത്. അതുകൊണ്ടാണ് അവിടെ ഇത്രയും ആകർഷണം കൂടുന്നത്. അതുകൊണ്ട് അവയുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനനുസരിച്ച് ഫീസുകൾ പരിഷ്ക്കരിക്കുന്നതിനും സ്വാശ്രയ സ്ഥാപനങ്ങളിലെ ഫീസ് നിയന്ത്രിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ച് ഇക്കാര്യത്തിൽ ബാലൻസ് വരുത്തി കൂടുതൽ ആളുകളെ പഠിപ്പിച്ച് തൊഴിൽരഹിതരാക്കുന്ന ഈ നയത്തിന് എന്തെങ്കിലും മാറ്റം വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വിദ്യാഭ്യാസ രംഗത്ത് അടിസ്ഥാനപരമായി B.Ed. മാത്രമല്ല, മറ്റെല്ലാ രംഗങ്ങളിലുമുള്ള മൗലികമായ പ്രശ്നമാണ് ബഹുമാനപ്പെട്ട മെമ്പറിവിടെ ചൂണ്ടിക്കാണിച്ചത്. അങ്ങനെയുള്ള കാരണങ്ങളും പ്രശ്നങ്ങളുമെല്ലാം ആലോചിച്ചുമാത്രം ചെയ്യേണ്ടതാണ്. കണ്ടമാനം B.Ed. Centre വന്നിട്ട്, സംസ്ഥാനത്ത് ഇംബാലൻസ് ഉണ്ടാകാതിരിക്കാൻ വേണ്ടി, നമ്പർ ഇത്രയും വേണോ എന്ന കാര്യത്തിലൊക്കെ കമ്മിറ്റിയുടെ റിപ്പോർട്ട് വന്നതിനുശേഷം പരിശോധിക്കാം.

ശ്രീ. കെ. ബാബു: സർ, ജനകീയാസൂത്രണത്തിന്റെ ഭാഗമായി തൃപ്പൂണിത്തുറ നഗരസഭ ഒരു B.Ed. Centre ആരംഭിക്കുകയുണ്ടായി. ഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ, അത് തലവരി പിരിക്കുന്ന കോളേജല്ല. ആ കോളേജിന്റെ നിലനിൽപ്പ് അപകടത്തിലായിരിക്കുകയാണ്. അതുപോലെ നഗരസഭകൾ നടത്തുന്ന B.Ed. Centre-കൾ നിലനിറുത്താൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ആലോചിച്ചിട്ടുണ്ടോ; അത് നിലനിറുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങുന്ന ഇത്തരം സ്ഥാപനങ്ങളെ നോക്കേണ്ട ചുമതലയും അവർക്കു തന്നെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മൾ അവർക്ക് ബഡ്ജറ്റിൽ പണം കൊടുക്കുകയാണ്. അതിന്റെ നിലനിൽപ്പ് തന്നെ അവരുടെ ഉത്തരവാദിത്വമാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന് എന്തെങ്കിലും ചെയ്യാനുണ്ടോയെന്ന് പരിശോധിക്കാം.

ശ്രീ. എ. കെ. മണി: Linguistic Minority മേഖലയായ പാലക്കാട്, കുമിളി, മൂന്നാർ, തിരുവനന്തപുരം മേഖലകളിൽ ടി. ടി. സി., ടി. ടി. ഐ. പ്രവർത്തിക്കുന്നതു പോലെ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ മൂന്നാറിൽ ഒരു
9.00 A.M. കോളേജ് പ്രവർത്തിക്കുകയാണ്. ഇനി എൻ. സി. റ്റി. ഇ. യുടെ താൽപ്പര്യത്തിന്റെയും നിയന്ത്രണത്തിന്റെയും അടിസ്ഥാനത്തിൽ അടിസ്ഥാനപരമായ സൗകര്യങ്ങൾ പഞ്ചായത്തോ എം. എൽ. എ. ഫണ്ടിൽ നിന്നോ പബ്ലിക് ഫണ്ടിൽ നിന്നോ ഉണ്ടാക്കി തരികയാണെങ്കിൽ മൂന്നാറിൽ ഗവൺമെന്റ് കോളേജ് പ്രവർത്തിക്കുന്നതുകൊണ്ടും ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ ഉള്ളതുകൊണ്ടും അവിടെ ഒരു ബി. എഡ്. കോളേജ് ആരംഭിക്കാൻ ഇപ്പോൾ മന്ത്രി പറയും നോക്കട്ടെ, പരിശോധിക്കാം, എന്നൊക്കെ. അത്തരം മറുപടിയല്ലാതെ ഇവിടെ ബി. എഡ്. കോളേജ് തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: ഇതെല്ലാം യൂണിവേഴ്സിറ്റിയല്ലേ ചെയ്യേണ്ടത്. മന്ത്രിക്ക് അങ്ങനെയല്ലേ പറയാൻ കഴിയുകയുള്ളൂ. യൂണിവേഴ്സിറ്റിയാണ് ചെയ്യേണ്ടത്.

ശ്രീ. എ. കെ. മണി: ഇതൊരു പ്രധാനപ്പെട്ട കാര്യമാണ് മൂന്നാറിൽ യൂണിവേഴ്സിറ്റിയുടെ കീഴിൽ ബി. എഡ്. കോളേജ് സ്ഥാപിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: മന്ത്രി നോക്കട്ടെ അതുപോലെതന്നെ പരിഗണിക്കാം എന്നു പറയുന്നതുപോലും പ്രോപ്പർ ആണോ എന്നുള്ള കാര്യത്തിൽ എനിക്ക് സംശയമുണ്ട്. മെമ്പർമാരോടും ഹൗസിനോടുമുള്ള മര്യാദകൊണ്ട് യൂണിവേഴ്സിറ്റിയെ സംബന്ധിച്ചുള്ള ക്വസ്റ്റ്യൻ ഞാൻ അങ്ങനെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ആ ഒരു ഗതികേട് ഒഴിവാക്കാനാണ് ഇപ്പോൾ യൂണിവേഴ്സിറ്റി ബില്ലിൽ..... എന്തായാലും ശരി തമിഴ്മേഖലയിലെ കാര്യം നമുക്ക് പ്രത്യേകമായിട്ട് ആലോചിക്കാം.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ കാസർഗോഡ് കഴിഞ്ഞ 10 കൊല്ലമായി പ്രവർത്തിക്കുന്ന ബി. എഡ്. സെന്ററിന്റെ കാര്യം ശ്രീ. സി. ടി. അഹമ്മദ് അലി പറഞ്ഞു. ഈ സെന്ററിനാവശ്യമായ സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കാൻ യാതൊരു പരിശ്രമവും ഇതുവരെ നടന്നിട്ടില്ല. ഇപ്പോൾ അതിന്റെ സ്ഥിതി വളരെ മോശമാണ്. എൻ. സി. ഇ. ടി. അതിന്റെ അംഗീകാരം ഏകദേശം എടുത്തുകളയാൻ പറ്റുന്ന നിലയിൽ പരിതാപകരമാണ് അതിന്റെ സ്ഥിതി. ഇപ്പോൾ 75 സ്വാശ്രയ ബി. എഡ്. കോളേജുകളുടെ കാര്യം ഏകദേശം വരുമെന്നുള്ള നിലയിൽ മന്ത്രി പറഞ്ഞു. അത് 4, 5 എണ്ണം എന്തായാലും കാസർഗോഡ് ജില്ലയിൽ വരുമെന്നാണ് എല്ലാവരും കൂടി പറഞ്ഞ് തീരുമാനിച്ചത്. അത് വരുന്നതോടുകൂടി ഇപ്പോൾ കാസർഗോഡ് പ്രവർത്തിക്കുന്ന കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിലെ ബി. എഡ്. സെന്റർ ഏറെക്കുറെ ഇല്ലാതാകുന്ന ഒരു സ്ഥിതിയുണ്ടാകാൻ പോവുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആ അവസ്ഥ ഒഴിവാക്കാൻ അടിയന്തിരമായി യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ഇതിന് കെട്ടിടം ഉണ്ടാക്കാനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഞാൻ നേരത്തെ മറുപടി പറഞ്ഞു കഴിഞ്ഞു. കാസർഗോഡ് ജില്ലയിലെ കാര്യം ശ്രദ്ധിക്കാം.

ശ്രീ. കെ. സി. വേണുഗോപാൽ: ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ നമ്മുടെ സർവ്വകലാശാലകളുടെ വരുമാനം ഉണ്ടാക്കുന്നതിനുള്ള ഒരു മാർഗ്ഗമായി ഈ ബി. എഡ്. സെന്ററുകളെ ഇപ്പോൾ മാറ്റിയിരിക്കുകയാണ്. അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ കാര്യമാണ് ഏറ്റവും ശോചനീയം, അങ്ങ് തന്നെ എം. എൽ. എ. ഫണ്ടിന്റെ ഉദ്ഘാടനത്തിന് ആലപ്പുഴയിൽ വന്നപ്പോൾ പറഞ്ഞതാണ്. ടീച്ചേഴ്സിന് ശമ്പളം കാര്യമായി കൊടുക്കുന്നില്ല. അദ്ധ്യാപകരെ പരിശീലിപ്പിക്കുന്ന അദ്ധ്യാപകരാണ് ബി. എഡ്. സെന്ററിലെ ടീച്ചേഴ്സ്, യാതൊരു ആനുകൂല്യവും അവർക്ക് കൊടുക്കുന്നില്ല. സർവ്വകലാശാല ചെയ്യേണ്ട യാതൊരു കാര്യവും ചെയ്യാതെ പണം വാരിക്കൂട്ടാനുള്ള ആയുധമായി സർവ്വകലാശാലകളെ മാറ്റുകയാണ്. എന്നിട്ട് സർവ്വകലാശാല സർക്കാരിന്റെ ഇത്തരം നീക്കങ്ങൾക്ക് എതിരായി ശക്തമായ പ്രമേയം പാസ്സാക്കുകയും ചെയ്യും. അതുകൊണ്ട് കേരളത്തിലെ എല്ലാ സർവ്വകലാശാലകളെയും വിളിച്ച് ഇക്കാര്യത്തിൽ ഒരു ഏകീകൃത സ്വഭാവം ഉണ്ടാക്കാനും എൻ. സി. റ്റി. ഇ.-യെ നിർബന്ധിപ്പിച്ച് കെട്ടിടം നിർമ്മിക്കാനും ശമ്പളവും മറ്റാനുകൂല്യങ്ങളും കൊടുക്കാനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: മെമ്പർ പറഞ്ഞത് ശരിയാണ്. ഇതാണ് വസ്തുത. അവർക്ക് വരുമാനം കിട്ടുന്നുണ്ട്. എന്നിട്ടും അവർ ചെയ്യുന്നില്ല എന്നുള്ളതാണ്. ഇക്കാര്യത്തിൽ അവരുമായി സംസാരിക്കണമെന്ന നിർദ്ദേശം ആലോചിക്കാം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, സർവ്വകലാശാല നടത്തുന്ന ബി. എഡ്. കോഴ്സിനെ സംബന്ധിച്ച് പല ബഹുമാനപ്പെട്ട മെമ്പർമാരും ഭൗതികമായ സാഹചര്യം മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ചാണ് ഇവിടെ പറഞ്ഞത്. ഭൗതികമായിട്ടുള്ള നില മെച്ചപ്പെടുത്തുന്നതിന് കഴിയത്തക്കവിധത്തിൽ ബി.എഡ്. കോഴ്സുകളിൽ പരിശീലനം നേടുന്ന നമ്മുടെ യുവതീയുവാക്കൾക്ക് പ്രത്യേകിച്ചും കുട്ടികളെ പഠിപ്പിക്കുന്നവർ എന്ന നിലയിൽ ഇന്നത്തെ കാലഘട്ടത്തിനനുസൃതമായി സിലബസിനും അതിന്റെ പഠനരീതിയിലും മാറ്റം വരുത്തുന്നതിന് ശ്രദ്ധിക്കുമോ; മാത്രമല്ല സ്കൂളുകളിലെല്ലാം കമ്പ്യൂട്ടർ പഠനം വളരെ വ്യാപകമായിരിക്കുന്ന ഈ ഘട്ടത്തിൽ ബി. എഡ്. കോഴ്സിൽ കമ്പ്യൂട്ടർ കൂടി ഉൾപ്പെടുത്തി ആ പരിശീലനം കൂടി നൽകാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ബി. എഡ്.-ൽ അത്യാവശ്യം കമ്പ്യൂട്ടറൊക്കെ അറിഞ്ഞിരിക്കണം. ഡിഗ്രിയൊക്കെ കഴിഞ്ഞിട്ടല്ലേ ബി. എഡിൽ എത്തുന്നത്. കരിക്കുലത്തിന് അനുസൃതമായ മാറ്റം ആലോചനാവിഷയമാണ്. അത് ഓരോ ഘട്ടത്തിലും ആലോചിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly